JANAYUGOM
15 January 2016

# മലബാർ സിമന്റ്സിലെ ഫ്ളൈ ആഷ് അഴിമതി: എഐടിയുസി സെക്രട്ടേറിയറ്റ് ധർണ്ണ 23ന്

പാലക്കാട്: മലബാർ സിമന്റ്സിലെ ഫ്ളൈ ആഷ് കരാർ സംബന്ധിച്ച് വിവാദ വ്യവസായിയെ രക്ഷപ്പെടുത്താനുള്ള വ്യവസായവകുപ്പിന്റെ നടപടിക്കെതിരെ 23ന് സെക്രട്ടറിയേറ്റ് ധർണ നടത്തുമെന്ന് എഐടിയുസി സംസ്ഥാന സെക്രട്ടറി വിജയൻ കുനിശ്ശേരി അറിയിച്ചു.

കേരളത്തിലെ ഏറ്റവും ലാഭകരമായ പൊതുമേഖലാ വ്യവസായസ്ഥാപനമായ മലബാർ സിമന്റ്സിലെ ഫ്ളൈ ആഷ് കരാർ സംബന്ധിച്ച് പ്രമുഖ വ്യവസായിയായ വി എം രാധാകൃഷ്ണനെ രക്ഷപ്പെടുത്താനുള്ള വ്യവസായ വകുപ്പിന്റെ നടപടി അംഗീകരിക്കാനാവില്ലെന്നും എഐടിയുസി കുറ്റപ്പെടുത്തി.

മലബാർ സിമന്റ്സിലെ കരാറുകാരനായിരിക്കെ ഫ്ളൈ ആഷ് നൽകാതിരുന്നത് മൂലവും ബാങ്ക് ഗ്യാരണ്ടി പിൻവലിച്ചതും മൂലം 14.49 കോടി രൂപയാണ് മലബാർ സിമന്റ്സിന് നഷ്ടം സംഭവിച്ചത്. ഇത്രയും തുക നഷ്ടം വരുത്തിയതായി സി എ ജി റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇതേപ്പറ്റി അന്വേഷിച്ച വ്യവസായ വകുപ്പ് സെക്രട്ടറിയായിരുന്ന അൽക്കേഷ് ശർമ്മയുടെ റിപ്പോർട്ടിലും നഷ്ടം കരാറുകാരിൽ നിന്നും തിരിച്ചുപിടിക്കാനായിരുന്നു ശുപാർശ.

പക്ഷെ ഈ റിപ്പോർട്ടുകളിൽ തുടർ നടപടി സ്വീകരിച്ചില്ലെന്ന് മാത്രമല്ല നഷ്ടം സംഭവിച്ചില്ലെന്നുമാണ് വ്യവസായ വകുപ്പിന്റെ പുതിയ കണ്ടുപിടുത്തം. ഈ വിഷയവുമായി ബന്ധപ്പെടുത്തി മലബാർ സിമന്റ്സ് എം ഡി എസ് എസ് മോണിയും വി എം രാധാകൃഷ്ണനുമുൾപ്പെടെ ഏഴുപേരുടെ പേരിൽ വിജിലൻസ് കേസ് എടുത്ത് കുറ്റപത്രം സമർപ്പിച്ചിരുന്നു.

കമ്പനിയിലേക്ക് ഫ്ളൈ ആഷ് വാങ്ങിയതുമായി ബന്ധപ്പെട്ട് 2.78 കോടി രൂപയുടെ നഷ്ടം വരുത്തിയതായാണ് വിജിലൻസ് കേസ്. രാധാകൃഷ്ണന്റെ ഉടമസ്ഥതയിലുള്ള എ ആർ കെ ഫുഡ് ആന്റ് മെറ്റൽ പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപനത്തിൽ നിന്നും നഷ്ടം തിരിച്ചുപിടിക്കാനുള്ള നീക്കത്തെ വ്യവസായ വകുപ്പിന്റെ പുതിയ ശുപാർശ ദുർബ്ബലപ്പെടുത്തുന്നതാണ്.

ദുർഭരണവും അഴിമതിയും നടത്തിക്കൊണ്ട് സംസ്ഥാനത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങളെയും തകർച്ചയിലേക്ക് നയിക്കുന്ന യു ഡി എഫ് സർക്കാരിന്റെ നടപടിയാണ് മലബാർ സിമന്റ്സിലും നടപ്പാക്കുന്നത്. ഇത്തരം നയങ്ങൾക്കെതിരെയും പൊതുമേഖലാ സംരക്ഷണത്തിന് വേണ്ടിയും നടത്തുന്ന സമരത്തിന്റെ ഭാഗമായി 23ന് എഐടിയുസി നേതൃത്വത്തിൽ സെക്രട്ടറിയേറ്റ് പടിക്കൽ ധർണ നടത്തുമെന്നും അദ്ദേഹം അറിയിച്ചു.